## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T5805 05.07.2013 - ൽ മറുപടിക്ക്**

## റോഡ് നിർമ്മാണ ഫണ്ട്

| ചോദ്യം<br>ശ്രീ.ബി.ഡി.ദേവസ്സി | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|
| (എ) ദേശീയപാത 47 -ൽ മണ്ണൂത്തി - ഇടപ്പള്ളി നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ടിൽ ഉൾപ്പെട്ട അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങളായ സർവ്വീസ് റോഡുകൾ, ഡ്രെയിനേജുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബസ്സ് ബേകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും പ്രോജക്ടിൽ ഉൾപ്പെടാത്ത ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 98 കോടി രൂപ അനുവദിക്കുമെന്ന ബഹു.മുഖ്യമന്ത്രിയുടെ ഉറപ്പ് പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ: | (എ) **ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ-** കൺസഷൻ എഗ്രിമെന്റ് പ്രകാരം 50.69 കി.മീ.സർവ്വീസ് റോഡ് പണി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ള ഭാഗം ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണ്. ഡ്രെയിനേജുകളുടെ പണി പുരോഗമിക്കുന്നു. സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കുന്നതും ബസ്ബേകൾ നിർമ്മിക്കുന്നതിനുമുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. മറ്റുപ്രവൃത്തികൾക്കായുള്ള 98.68 കോടി രൂപയുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (ബി) പാലിയേക്കരയിലെ അന്യായമായ ടോൾ നിരക്ക് കുറയ്ക്കാമെന്ന മുഖ്യമന്ത്രി നൽകിയ ഉറപ്പ് പാലിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?; | (ബി) ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് ടോൾ നിരക്ക് 60 രൂപയിൽ നിന്ന് 50 രൂപ (Single journey) ആയും 90 രൂപയിൽ നിന്നും 80 രൂപ (Multiple journey) ആയും കുറച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ